**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2608** **06-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. എഫ്. ഇ. ഏജന്റുമാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. എഫ്. ഇ. ഏജന്റുമാർക്ക് നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ യുടെ സേവനം വിവിധ ജനവിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിനും അതുവഴിയുള്ള ബിസിനസ് വിപുലീകരണത്തിനും ഏജന്റുമാരുടെ ഒരു വലിയ ശൃംഖല കെ.എസ്.എഫ്.ഇ രൂപീകരിച്ചിട്ടുണ്ട്. ഏജന്റുമാർക്കായി വിവിധ സാമ്പത്തിക ആനുകൂല്യങ്ങളും പദ്ധതികളും കെ.എസ്.എഫ്.ഇ നടപ്പാക്കി വരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ നല്കുന്നു.<br><br>1) ക്യാൻവാസിങ് കമ്മീഷൻ<br><br>ഏജന്റുമാർക്ക് ചിട്ടിയുടെ ആദ്യ തവണ സംഖ്യയുടെ 13% മുതൽ 15% വരെ നിരക്കുകളിൽ ക്യാൻവാസിംഗ് കമ്മീഷൻ നല്കിവരുന്നു.<br><br>2) ഡോർ കളക്ഷൻ കമ്മീഷൻ<br><br>ചിട്ടിയുടെ മാസംതോറുമുള്ള തവണ സംഖ്യ അടയ്ക്കുന്നതിന് 0.5% മുതൽ 1.5% വരെ നിരക്കുകളിൽ കളക്ഷൻ കമ്മീഷൻ നല്കിവരുന്നു.<br><br>3) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്<br><br>ഏജന്റുമാർക്ക് അപകടമരണം സംഭവിച്ചാൽ മൂന്നുലക്ഷം രൂപ വരെയും ആശുപത്രി ചെലവുകൾക്ക് 30,000/- രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നുണ്ട്.<br><br>4) കെ.എസ്.എഫ്.ഇ ഭവന വായ്പ ക്യാൻവാസിങ്<br><br>കെ.എസ്.എഫ്.ഇ ഭവന വായ്പ ക്യാൻവാസ് ചെയ്യുന്നതിന് വായ്പയുടെ 0.5% (പരമാവധി 15,000 രൂപ) കമ്മീഷൻ ആയി നല്കിവരുന്നു.<br><br>5) വെഹിക്കിൾ ലോൺ |

ഇരുചക്രവാഹനം വാങ്ങുന്നതിന് നിലവിലെ പലിശ നിരക്കിൽ നിന്ന് 3% കുറവിൽ 70,000 രൂപ വരെ വായ്പ നല്കിവരുന്നുണ്ട്.

6) ഓണം ഫെസ്റ്റിവൽ അഡ്വാൻസ് & അലവൻസ്

ഓണത്തോടനുബന്ധിച്ച് ഏജന്റുമാർക്ക് അഡ്വാൻസും അലവൻസും നല്കി വരുന്നുണ്ട്. ഇക്കഴിഞ്ഞ ഓണത്തോടനുബന്ധിച്ച് 10,200/- രൂപ അഡ്വാൻസായും 7,500/- രൂപ വരെ അലവൻസായും നൽകിയിട്ടുണ്ട്.

7) കെ.എസ്.എഫ്.ഇ ഏജന്റ് ആപ്പ്

ഏജന്റുമാർക്ക് സുഗമമായി കളക്ഷൻ നടത്തുന്നതിന് കെ.എസ്.എഫ്.ഇ ഏജന്റ് ആപ്പ് നടപ്പിലാക്കി.

8) UPI കളക്ഷൻ

ക്യാഷ്, ചെക്ക് എന്നീ കളക്ഷനുകൾക്ക് പുറമെ ഏജന്റുമാർക്ക് ഇടപാടുകാരിൽ നിന്നും UPI കളക്ഷൻ സ്വീകരിക്കുന്നതിനുള്ള സാങ്കേതിക സൗകര്യം ഒരുക്കിയിട്ടുണ്ട്. UPI കളക്ഷന് ക്യാഷ് കളക്ഷന് തുല്യമായി കമ്മീഷൻ ഇപ്പോൾ നല്കിവരുന്നുണ്ട്.

9) പെർഫോമൻസ് ഇൻസെന്റീവ്

ഓരോ സാമ്പത്തിക വർഷവും ഓരോ മേഖലയിലും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന 16 ഏജന്റുമാർക്ക് വീതം ആകെ 256 ഏജന്റുമാർക്ക് 40 ലക്ഷം രൂപയോളം പെർഫോമൻസ് ഇൻസെന്റീവായി അനുവദിച്ചുവരുന്നു.

10) ഏജന്റ്സ് ഭദ്രത അക്കൗണ്ട്

ഏജന്റുമാരുടെ സാമ്പത്തിക സുരക്ഷ ഉറപ്പു വരുത്തുന്നതിനായി കമ്മീഷനിൽ നിന്ന് 5% തുക നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ചു.

11) ചിട്ടി സബ്സ്റ്റിറ്റ്യൂഷൻ കമ്മീഷൻ

ചിട്ടി മുടക്കം വരുത്തിയാൽ 5 തവണയ്ക്കുള്ളിൽ പ്രസ്തുത ചിട്ടിയിൽ പുതിയ ഇടപാടുകാരെ കണ്ടെത്തി ചേർക്കുന്ന പക്ഷം 13%/15% നിരക്കിൽ ക്യാൻവാസിംഗ് കമ്മീഷൻ നല്കുന്നതാണ്.

12) ബോണസ് കമ്മീഷൻ

ഒരു ചിട്ടിയിൽ 25% ൽ അധികം ടിക്കറ്റുകൾ ക്യാൻവാസ് ചെയ്താൽ 2% അധിക കമ്മീഷൻ നല്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | കെ. എസ്. എഫ്. ഇ. ചിട്ടികൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം തന്നെ ഏജന്റുമാർക്ക് കമ്മീഷൻ ലഭിച്ചിരുന്ന രീതിയിൽ നിന്നും മാറി 3 മാസം തുടർച്ചയായി വരിക്കാരൻ തുക അടച്ചെങ്കിൽ മാത്രമേ കമ്മീഷന് അർഹതയുള്ളൂ എന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പുനപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ, വിശദമാക്കുമോ.; | (ബി) | ഏജന്റുമാർക്ക് കമ്മീഷൻ നല്കുന്നത് സർക്കാർ ഉത്തരവുകൾ പ്രകാരമല്ല. കാലാകാലങ്ങളിൽ കെ.എസ്.എഫ്.ഇ ഇറക്കുന്ന സർക്കുലറുകൾ പ്രകാരമാണ് ഏജന്റുമാർക്ക് കമ്മീഷൻ നല്കുന്നത്. 3 മാസം തുടർച്ചയായി വരിക്കാരൻ ചിട്ടി തവണ സംഖ്യ അടച്ചില്ലെങ്കിൽ കമ്മീഷൻ തിരിച്ചു പിടിക്കുന്ന രീതിയാണ് മുൻപ് നിലവിലുണ്ടായിരുന്നത്. ഇത്തരത്തിൽ മുൻകൂർ കമ്മീഷൻ നല്കുമ്പോൾ, കമ്മീഷനോടൊപ്പം ഈടാക്കിയ ടാക്സ് തിരികെ നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിട്ടിരുന്നു. കമ്മീഷൻ സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി നടപ്പാക്കിയതോടെ 3 തവണ അടവ് പൂർത്തീകരിച്ച ശേഷം ഉടൻ കമ്മീഷൻ നൽകിവരുന്നുണ്ട്. |
| (സി) | കെ. എസ്. എഫ്. ഇ. ഏജന്റ്സ് അസോസിയേഷൻ തലശ്ശേരി മേഖല കമ്മിറ്റി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിന് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | തലശ്ശേരി താലൂക്കിലെ കെ.എസ്.എഫ്.ഇ ഏജന്റുമാർ നൽകിയ നിവേദനത്തിന്മേൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾ വിവിധ തലങ്ങളിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ